**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3148** **26-06-2024 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ തോട്ടശ്ശേരിയറ - ഇല്ലത്തുമാട് - പാത്തിക്കുഴി റോഡ് നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ തോട്ടശ്ശേരിയറ - ഇല്ലത്തുമാട് - പാത്തിക്കുഴി റോഡ് കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി – പി.എം.യു മുഖേന നടപ്പാക്കുന്നതിന് 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. തുടർന്ന്, പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കുകയും പ്രവൃത്തിയുടെ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി 06.03.2018 ൽ, തയ്യാറാക്കി സമർപ്പിച്ചിരുന്നതുമാണ്. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള തുക ഉൾപ്പെടുത്തിയിരുന്നില്ല.<br><br>DPR ന്റെ പരിശോധനയുടെ ഭാഗമായി കിഫ്ബി ഉദ്യോഗസ്ഥർ 28.03.2019 തീയതിയിൽ സൈറ്റ് സന്ദർശിച്ചു, തുടർന്ന് കിഫ്ബി നൽകിയ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം നിലവിൽ 10m ROW ഇല്ലാത്തതിനാൽ, അതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക കൂടി ഉൾപ്പെടുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തി ഡി.പി.ആർ പുനർസമർപ്പിക്കാൻ നിർദേശിച്ചു. നിലവിൽ 7-10 മീറ്റർ വീതിയിലുള്ള റോഡ് കിഫ്ബി മാനദണ്ഡ പ്രകാരം മിനിമം 10 മീറ്റർ Row യിൽ നിർമിക്കാൻ പല ഇടങ്ങളിലും സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട MLA യുടെ 29.01.2024 ലെ കത്ത് പ്രകാരം ഈ പ്രവർത്തിക്കു ഫ്രീ സറണ്ടർ രീതിയിൽ സ്ഥലം ഏറ്റെടുക്കാൻ ചർച്ചകൾ നടത്തിയെങ്കിലും ആയത് ലഭ്യമല്ല എന്നും ആയതിനാൽ സ്ഥലം ഏറ്റെടുപ്പിനുള്ള തുക DPR ൽ ഉൾപ്പെടുത്തി പുതുക്കിയ DPR കിഫ്ബിക്ക് സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻ പ്രകാരം സ്ഥലം ഏറ്റെടുപ്പിനുള്ള തുക DPR ൽ ഉൾപെടുത്തി പുതുക്കിയ DPR തയ്യാറാക്കുന്ന |

| | | | |
|---|---|---|---|
| | | | നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുന്നു. |
| (ബി) | കിഫ്ബിയുടെ അംഗീകാരം ലഭിച്ച് വർഷങ്ങൾ കഴിഞ്ഞും പ്രസ്തുത റോഡിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണമായി ചൂണ്ടികാട്ടുന്ന സ്റ്റാൻഡേർഡ് വിഡ്ത്തിന്റെ കുറവ് പരിഹരിക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ തോട്ടശ്ശേരിയറ - ഇല്ലത്തുമാട് - പാത്തിക്കുഴി റോഡ് കിഫ്ബി ധനസഹായത്തോട്ടുകൂടി കെ.ആർ.എഫ്.ബി – പി.എം.യു മുഖേന നടപ്പാക്കുന്നതിന് 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. തുടർന്ന്, പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കുകയും പ്രവൃത്തിയുടെ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി 06.03.2018 ൽ, തയ്യാറാക്കി സമർപ്പിച്ചി രുന്നതുമാണ്. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള തുക ഉൾപ്പെടുത്തിയിരുന്നില്ല.<br><br>DPR ന്റെ പരിശോധനയുടെ ഭാഗമായി കിഫ്ബി ഉദ്യോഗസ്ഥർ 28.03.2019 തീയതിയിൽ സൈറ്റ് സന്ദർശിച്ചു, തുടർന്ന് കിഫ്ബി നൽകിയ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം നിലവിൽ 10m ROW ഇല്ലാത്തതിനാൽ, അതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക കൂടി ഉൾപ്പെടുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തി ഡി.പി.ആർ പുനർസമർപ്പിക്കാൻ നിർദേശിച്ചു. നിലവിൽ 7-10 മീറ്റർ വീതിയിലുള്ള റോഡ് കിഫ്ബി മാനദണ്ഡ പ്രകാരം മിനിമം 10 മീറ്റർ Row യിൽ നിർമിക്കാൻ പല ഇടങ്ങളിലും സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട MLA യുടെ 29.01.2024 ലെ കത്ത് പ്രകാരം ഈ പ്രവർത്തിക്കു ഫ്രീ സറണ്ടർ രീതിയിൽ സ്ഥലം ഏറ്റെടുക്കാൻ ചർച്ചകൾ നടത്തിയെങ്കിലും ആയത് ലഭ്യമല്ല എന്നും ആയതിനാൽ സ്ഥലം ഏറ്റെടുപ്പിനുള്ള തുക DPR ൽ ഉൾപ്പെടുത്തി പുതുക്കിയ DPR കിഫ്ബിക്ക് സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻ പ്രകാരം സ്ഥലം ഏറ്റെടുപ്പിനുള്ള തുക DPR ൽ ഉൾപെടുത്തി പുതുക്കിയ DPR തയ്യാറാക്കുന്ന നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുന്നു. |
| (സി) | കിഫ്ബിയുടെ തന്നെ എഫ്.ഡി.ആർ. പദ്ധതി പ്രകാരം പ്രസ്തുത റോഡ് നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സമർപ്പിച്ച നിവേദനത്തിൽ മേൽ കെ.ആർ.എഫ്.ബി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി ഏറ്റെടുത്ത് പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, FDR പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന തിനുള്ള അനുമതിക്കായി കത്ത് നൽകിയെങ്കിലും കിഫ്ബിയുടെ സാമ്പത്തികാനുമതി ഇല്ലാത്ത പദ്ധതികൾ നിലവിൽ എഫ്.ഡി.ആർ പദ്ധതിയിൽ ഉൾകൊള്ളിച്ചിട്ടില്ല എന്ന് 28.04.2022 ലെ കത്ത് പ്രകാരം കിഫ്ബി അറിയിച്ചിട്ടുണ്ട്. കിഫ്ബി മാനദണ്ഡ പ്രകാരം 10 മീറ്റർ RoW വീതി |

| | | | |
|---|---|---|---|
| | | | ലഭ്യമല്ലാത്തതിനാലും ഫ്രീ സറണ്ടർ രീതിയിൽ ഭൂമി ലഭ്യമല്ലാത്തതിനാലും ഈ പ്രവൃത്തി FDR പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ല എന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട് |
| (ഡി) | പ്രസ്തുത റോഡിന്റെ നിർമ്മാണം ആരംഭിക്കുവാൻ വേണ്ട തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | പദ്ധതിയുടെ പുതുക്കിയ ഡി.പി.ആർ പി.ഡബ്ല്യൂ.ഡി ഡിസൈൻ വിഭാഗത്തിൽ നിന്ന് ലഭ്യമാക്കിയ ശേഷം തുടർനടപടികൾ പരിശോധിക്കാം. |

സെക്ഷൻ ഓഫീസർ